# India declares one-day national mourning on demise of President of the UAE and Ruler of Abu Dhabi

May 13, 2022

---

**യുഎഇ പ്രസിഡന്റായ അബുദാബി ഭരണാധികാരിയുടെ വിയോഗത്തിൽ ഇന്ത്യ ഒരു ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു.**

മെയ് 13, 2022

ഇന്ന് അന്തരിച്ച യുഎഇ പ്രസിഡന്റും അബുദാബി ഭരണാധികാരിയുമായ ഹിസ് ഹൈനസ് ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാനോടുള്ള ആദരസൂചകമായി 2022 മെയ് 14 ന് ഇന്ത്യാ ഗവൺമെന്റ് ഒരു ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു. ദേശീയ പതാക ഉയർത്തിയിട്ടുള്ള എല്ലാ സ്ഥലങ്ങളിലും വിലാപ ദിനത്തിൽ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും കൂടാതെ ഔദ്യോഗിക വിനോദപരിപാടികൾ ഒന്നും തന്നെ ഉണ്ടായിരിക്കില്ല.

ഇന്ത്യൻ രാഷ്ട്രപതി ശ്രീ രാംനാഥ് കോവിന്ദ്, ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി എന്നിവരും ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. അവരുടെ സന്ദേശങ്ങളിൽ അദ്ദേഹം രാഷ്ട്രതന്ത്രജ്ഞനും ദീർഘവീക്ഷണമുള്ള നേതാവുമായിരുന്നുവെന്നും ഇന്ത്യ-യുഎഇ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും യുഎഇയിലെ ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിനും മഹത്തായ സംഭാവനകൾ നൽകിയിരുന്നുവെന്നും അനുസ്മരിച്ചു.

**ന്യൂ ഡെൽഹി**
**മെയ് 13, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.